**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 258

19.06.2014-ൽ മറുപടിയ്ക്ക്

## 'വെള്ളത്തിൽ വീണുള്ള മരണങ്ങൾ'

<u>ചോദ്യം</u>

ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ.കെ.എം.ഷാജി
ശ്രീ.സി. മോയിൻകുട്ടി
ശ്രീ.കെ.എൻ.എ.ഖാദർ

(എ) സംസ്ഥാനത്ത് വെള്ളത്തിൽ വീണുള്ള മരണങ്ങൾ വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം അപകടങ്ങൾ അടിക്കടി ഉണ്ടാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശദമായി പഠിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) ഇതു മൂലം അനാഥമാകുന്ന കുടുംബങ്ങളെ സഹായിക്കാനും, അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) വിദ്യാർത്ഥികൾ, യുവാക്കൾ, വിനോദയാത്രാസംഘങ്ങൾ തുടങ്ങിയവർ അപകടസാധ്യതയുള്ള വെള്ളക്കെട്ടുകളിൽ ഇറങ്ങുന്നതും ഇവർക്ക് നീന്തൽ വശമില്ലാത്തതും അപകടം ക്ഷണിച്ചുവരുത്തുന്നുണ്ട്.

(സി) ജലാശയങ്ങളിൽ വീണ് മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപ വരെയും കൂടുതൽ പരിഗണന അർഹിക്കുന്ന കേസ്സുകളിൽ മന്ത്രിസഭാ അനുമതിയോടെ കൂടുതൽ ധനസഹായവും അനുവദിച്ചു വരുന്നു. അപകടമരണം സംഭവിക്കുന്നത് പ്രകൃതിക്ഷോഭത്തിലാണെങ്കിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ് പോൺസ് ഫണ്ടിൽ നിന്നും 1.5 ലക്ഷം രൂപ വീതവും അനുവദിക്കുന്നുണ്ട്. അപകട സാധ്യത ഏറിയ സ്ഥലങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്ന ബീച്ചുകളിലും മറ്റും ലൈഫ് ഗാർഡുകളുടെ സേവനവും ഏർപ്പെടുത്തിയിട്ടുള്ളതാണ്. മൺസൂൺ കാലത്ത് അപകട സാദ്ധ്യത മുന്നിൽ കണ്ട് വനം വകുപ്പ്, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്നിവ മുഖേന അപകട സാദ്ധ്യതയുള്ള ജലാശയങ്ങളിൽ ആളുകൾ ഇറങ്ങുന്നതിന് നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ